**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ നടപടിക്രമം**

(ഹാജർ: എ.സന്തോഷ്)

വിഷയം : കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ- കണ്ണൂർ ജില്ല -എം.57 മട്ടന്നൂർ മുനിസിപ്പൽ കൗൺസിലിലേക്കുള്ള 2022-ലെ പൊതുതിരഞ്ഞെടുപ്പ്- വോട്ടർപട്ടിക പുതുക്കുന്നത്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 04.01.2020-ലെ ബി1/30139/2019/ സം.തി.ക നമ്പർ ഉത്തരവ്.

നമ്പർ:ബി3/53/2022/സം.തി.ക (1) തീയതി: 17.06.2022

**ഉത്തരവ്**

സംസ്ഥാനത്ത് എം.57 മട്ടന്നൂർ മുനിസിപ്പൽ കൗൺസിൽ ഒഴികെയുള്ള തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ 2015-ലെ പൊതുതിരഞ്ഞെടുപ്പിലോ അതിനുശേഷം നടന്ന ഉപതിരഞ്ഞെടുപ്പിലോ ഉപയോഗിച്ച വോട്ടർപട്ടിക അടിസ്ഥാനമാക്കി, 2020-ലെ പൊതുതിരഞ്ഞെടുപ്പിന് വേണ്ടി ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ പരാമർശ ഉത്തരവ് പ്രകാരം വോട്ടർപട്ടിക പുതുക്കിയിരുന്നു. കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പൽ കൗൺസിലിന്റെ കാലാവധി 2022 സെപ്റ്റംബർ 10 ന് അവസാനിക്കുന്നതിനാൽ അതിന് മുമ്പ് അവിടെ പൊതുതിരഞ്ഞെടുപ്പ് നടത്തേണ്ടതുണ്ട്. ഇതിലേയ്ക്ക് എം.57 മട്ടന്നൂർ മുനിസിപ്പൽ കൗൺസിലിലെ 35 വാർഡുകളിലെയും നിലവിലുള്ള വോട്ടർപട്ടിക പുതുക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, കണ്ണൂർ ജില്ലയിലെ എം.57 മട്ടന്നൂർ മുനിസിപ്പൽ കൗൺസിലിലേയ്ക്ക് 2022-ലെ പൊതുതിരഞ്ഞെടുപ്പ് നടത്തുന്ന ആവശ്യത്തിലേയ്ക്ക്, 2017-ന് ശേഷം ഉപതിരഞ്ഞെടുപ്പ് നടന്ന വാർഡുകളിൽ അതിനായി ഉപയോഗിച്ച വോട്ടർപട്ടികയും മറ്റ് വാർഡുകളിൽ 2017 ലെ വോട്ടർപട്ടികയും അടിസ്ഥാന പട്ടികയായി പ്രസിദ്ധീകരിച്ച് അനുബന്ധം 1 ലും, 2 ലും ചേർത്തിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് പുതുക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ച് ഉത്തരവാകുന്നു.

**എ.സന്തോഷ്**
**സെക്രട്ടറി**

ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ, കണ്ണൂർ
ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ, മട്ടന്നൂർ മുനിസിപ്പാലിറ്റി
നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ, കോഴിക്കോട്

പകർപ്പ്:-

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് (ആമുഖ കത്ത് സഹിതം)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് ഇൻഫർമാറ്റിക്സ് ഓഫീസർ, എൻ.ഐ.സി
ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ, കണ്ണൂർ
സ്റ്റാന്റിംഗ് കൗൺസിൽ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
ബന്ധപ്പെട്ട നോഡൽ ഓഫീസർമാർക്കും സെക്ഷനുകൾക്കും
പബ്ലിക്ക് റിലേഷൻസ് ഓഫീസർ, സം.തി.ക.
ഐ.റ്റി.സെൽ
കമ്മീഷണറുടെ പി.എസ്/കമ്മീഷണറുടെ സി.എ.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട് (ഇലക്ഷൻ)

## അനുബന്ധം - 1

- 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലേയും സമ്മതിദായകരുടെ രജിസ്ട്രേഷൻ ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് അനുസൃതമായും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായും വേണം വോട്ടർപട്ടിക പുതുക്കുന്നതിന് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ നടപടി സ്വീകരിക്കേണ്ടത്.
- വോട്ടർപട്ടിക പുതുക്കുന്നതിനുള്ള യോഗ്യതാ തീയതി 01.01.2022 ആണ്. യോഗ്യതാ തീയതിയായി നിശ്ചയിച്ചിട്ടുള്ള 2022 ജനുവരി 1-ാം തീയതിയ്ക്കോ അതിനു മുമ്പോ 18 വയസ്സ് തികഞ്ഞവരെ മാത്രമേ വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താൻ പാടുള്ളൂ.
- 2017 ന് ശേഷം ഉപതിരഞ്ഞെടുപ്പ് നടന്ന വാർഡുകളിൽ അതിന് ഉപയോഗിച്ച പട്ടികയും മറ്റ് വാർഡുകളിൽ 2017 ലെ വോട്ടർ പട്ടികയും അടിസ്ഥാനമാക്കി വേണം കരട് വോട്ടർ പട്ടിക തയ്യാറാക്കേണ്ടത്.
- നിലവിലെ അടിസ്ഥാന പട്ടികയും സപ്ലിമെന്ററി പട്ടികകളും സംയോജിപ്പിച്ച് കൊണ്ടുള്ള പട്ടിക കമ്മീഷന്റെ www.lsgelection.kerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്. ഇത് ഡൗൺലോഡ് ചെയ്ത് വേണം കരട് പട്ടികയായി പ്രസിദ്ധീകരിക്കേണ്ടത്.
- കരട് വോട്ടർ പട്ടിക സംബന്ധിച്ച നോട്ടീസ് 1994 ലെ കേരള മുനിസിപ്പാലിറ്റി (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ മൂന്നാം നമ്പർ ഫോറത്തിൽ ബന്ധപ്പെട്ട നഗരസഭാ ഓഫീസിലും താലൂക്കാഫീസിലും വില്ലേജ് ഓഫീസിലും 20.06.2022 (തിങ്കൾ) ൽ പ്രസിദ്ധപ്പെടുത്തേണ്ടതും, പ്രസിദ്ധപ്പെടുത്തിയെന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ആഫീസ് തലവൻമാരിൽ നിന്നും ലഭ്യമാക്കി അന്നേ ദിവസം തന്നെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതുമാണ്.
- കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചതിനു ശേഷം പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മരണപ്പെട്ടവരുടെ പേരുവിവരവും മറ്റ് വിശദാംശങ്ങളും മുനിസിപ്പാലിറ്റിയിലെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതും അപ്രകാരം പ്രസിദ്ധപ്പെടുത്തി 7 ദിവസത്തിനകം ഇക്കാര്യം സംബന്ധിച്ച് എന്തെങ്കിലും അറിയിപ്പോ അഭിപ്രായമോ ആക്ഷേപമോ ലഭിക്കാത്ത പക്ഷം, തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ മരണപ്പെട്ട ആളുടെ പേരുവിവരം, നിലവിലുള്ള വോട്ടർ പട്ടികയിൽ നിന്നും സ്വമേധയാ നീക്കം ചെയ്യേണ്ടതാണ്.
- കരട് വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനുള്ള അവകാശവാദ അപേക്ഷകളും (ഫാറം 4) വോട്ടർ പട്ടികയിലെ ഉൾക്കുറിപ്പകളെ സംബന്ധിച്ച ആക്ഷേപങ്ങളും (ഫാറം 6) ഒരു പോളിംഗ് സ്റ്റേഷനിൽ നിന്ന് മറ്റൊരു പോളിംഗ് സ്റ്റേഷനിലേക്കോ ഒരു വാർഡിൽ നിന്ന് മറ്റൊരു വാർഡിലേയ്ക്കോ ഉള്ള സ്ഥാനമാറ്റം സംബന്ധിച്ച ആക്ഷേപങ്ങളും (ഫാറം 7) നേരിട്ടോ രജിസ്റ്റേർഡ് തപാലിലൂടെയോ വേണം സ്വീകരിക്കേണ്ടത്.
- ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ തനിക്ക് ലഭിക്കുന്ന ഓരോ അവകാശവാദ അപേക്ഷയും ആക്ഷേപവും സംബന്ധിക്കുന്ന വിവരങ്ങൾ 9,10,11 നമ്പർ ഫോറങ്ങളിൽ ഡ്യൂപ്ലിക്കേറ്റായി സൂക്ഷിക്കേണ്ടതും, അത്തരം ലിസ്റ്റുകളുടെ ഓരോ കോപ്പി പ്രസ്തുത ആക്ഷേപങ്ങളിലും അവകാശ

വാദങ്ങളിലും തീർപ്പ് കൽപ്പിക്കുന്നതു വരെ മുൻസിപ്പാലിറ്റിയുടെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.

- മേൽ പറഞ്ഞ പ്രകാരം ലഭിക്കുന്ന അപേക്ഷകൾ/ആക്ഷേപങ്ങൾ പരിശോധിച്ച് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ തുടർ നടപടി യഥാസമയം സ്വീകരിക്കേണ്ടതാണ്. ഓൺലൈൻ അപേക്ഷകളിൻമേൽ നടപടി എടുക്കുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ അനുബന്ധം-2-ൽ ചേർത്തിട്ടുണ്ട്.
- അപ്പീൽ തീരുമാനങ്ങൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടെങ്കിൽ അതും കൂടി ഉൾപ്പെടുത്തി അന്തിമ വോട്ടർ പട്ടിക 18-07-2022 (തിങ്കൾ) ന് പ്രസിദ്ധീകരിക്കേണ്ടതാണ്.
- കരട് വോട്ടർ പട്ടികയുടേയും അന്തിമ വോട്ടർ പട്ടികയുടേയും രണ്ടു പകർപ്പുകൾ വീതം കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ചിഹ്നം അനുവദിച്ചിട്ടുള്ള കേരളത്തിലെ ദേശീയ, സംസ്ഥാന രാഷ്ട്രീയ പാർട്ടികൾക്ക് സൗജന്യമായി നൽകേണ്ടതാണ്. പ്രസ്തുത വോട്ടർ പട്ടികകളുടെ രണ്ടു പ്രതികൾ വീതം നിയമസഭയിൽ പ്രാതിനിധ്യമുള്ള പാർട്ടികൾക്കും അവർ ആവശ്യപ്പെടുന്നപക്ഷം സൗജന്യമായി നൽകേണ്ടതാണ്.
- കമ്മീഷൻ കാലാകാലങ്ങളിൽ അയോഗ്യത കൽപ്പിച്ചവരിൽ നിലവിൽ അയോഗ്യതയുള്ളവർ മേൽപ്പറഞ്ഞ പ്രകാരം തയ്യാറാക്കുന്ന വോട്ടർപട്ടികയിൽ ഉൾപ്പെട്ടു വരുന്നെങ്കിൽ അത്തരം പേരുകൾക്ക് നേരെ പ്രത്യേക അടയാളം (*) രേഖപ്പെടുത്തേണ്ടതാണ്.
- വോട്ടർ പട്ടികയുടെ പുതുക്കലുമായി ബന്ധപ്പെട്ട് ആരംഭം മുതൽ അവസാനം വരെയുള്ള നടപടിക്രമങ്ങളുടെ രേഖകൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഏതു സമയത്തുള്ള പരിശോധനകൾക്കും വിധേയമാണ്.
- പൊതുതിരഞ്ഞെടുപ്പിന്റെ ആവശ്യത്തിലേക്ക് പ്രവാസിഭാരതീയരുടെ വോട്ടർപട്ടിക പ്രത്യേകം തയ്യാറാക്കേണ്ടതാണ്. ഇതിലേയ്ക്കുള്ള ഓൺലൈൻ അപേക്ഷകൾ www.lsgelection.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. നിശ്ചിത തീയതിക്കകം നേരിട്ടോ തപാലിലൂടെയോ ലഭിക്കുന്ന ഓൺലൈൻ അപേക്ഷകളുടെ പകർപ്പുകൾ പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.
- സ്വതന്ത്രവും നീതിപൂർവകവും നിഷ്പക്ഷവുമായ തിരഞ്ഞെടുപ്പ് വോട്ടർപട്ടികയുടെ കൃത്യതയെ ആശ്രയിച്ചിരിക്കുന്നതിനാൽ അനർഹരായ വോട്ടർമാർ വോട്ടർപട്ടികയിൽ ഉൾപ്പെട്ടിട്ടില്ലായെന്നും അർഹരായ വോട്ടർമാർ ഒഴിവാക്കപ്പെട്ടിട്ടില്ലായെന്നും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ ഉറപ്പു വരുത്തേണ്ടതാണ്.
- വോട്ടർപട്ടിക പുതുക്കുന്നത് സംബന്ധിച്ച കാര്യപരിപാടി ചുവടെ ചേർക്കുന്നു.

**വോട്ടർപട്ടിക പുതുക്കൽ - കാര്യപരിപാടി**

| | |
|---|---|
| ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ കരട് വോട്ടർപട്ടിക പ്രസിദ്ധീകരിക്കൽ | 2022 ജൂൺ 20 (തിങ്കൾ) |
| കരട് വോട്ടർപട്ടിക സംബന്ധിച്ച അപേക്ഷകളും ആക്ഷേപങ്ങളും സ്വീകരിക്കേണ്ട അവസാന തീയതി | 2022 ജൂലൈ 4 (തിങ്കൾ) |
| അപേക്ഷകളും ആക്ഷേപങ്ങളും സംബന്ധിച്ച ഹിയറിംഗും അപ്ഡേഷനും പൂർത്തിയാക്കൽ | 2022 ജൂലൈ 16 (ശനി) |
| അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കൽ | 2022 ജൂലൈ 18 (തിങ്കൾ) |

**അനുബന്ധം - 2**

**ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ ഓൺലൈൻ അപേക്ഷകളിന്മേൽ**

**നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച മാർഗനിർദേശങ്ങൾ**

1) www.lsgelection.kerala.gov.in എന്ന സൈറ്റിലാണ് വോട്ടർപട്ടിക പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത്.

2) മട്ടന്നൂർ മുനിസിപ്പാലിറ്റിയിലേക്കുള്ള 2022 ലെ പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി ഫോട്ടോ പതിച്ച വോട്ടർപട്ടികയുടെ കരട് 20.06.2022 ൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

3) കരട് വോട്ടർപട്ടിക സംബന്ധിച്ച അവകാശവാദങ്ങളും ആക്ഷേപങ്ങളും അതാത് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ 20.06.2022 മുതൽ 04.07.2022 വരെ സ്വീകരിക്കേണ്ടതാണ്.

4) വോട്ടർപട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനും (ഫാറം 4) ഉൾക്കുറിപ്പുകളിൽ തിരുത്തലുകൾ വരുത്തുന്നതിനും (ഫാറം 6) പേരു വിവരം ഒരു ഭാഗത്ത് നിന്ന് മറ്റൊരു ഭാഗത്തേക്കോ വാർഡിലേക്കോ മാറ്റുന്നതിനും (ഫാറം 7) ഉള്ള അപേക്ഷകൾ/ ആക്ഷേപങ്ങൾ ഓൺലൈനിലൂടെ മാത്രം സ്വീകരിക്കേണ്ടതാണ്.

5) ഓൺലൈൻ അപേക്ഷകൾ അയക്കുമ്പോൾ തന്നെ അപേക്ഷകന് നേർവിചാരണക്കുള്ള നോട്ടീസ് (യഥാക്രമം ഫാറം 12, 15, 15എ) ലഭിക്കും.

6) വോട്ടർപട്ടികയിൽ പേര് ഉൾപ്പെടുത്തുന്നത് അല്ലെങ്കിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച ആക്ഷേപങ്ങൾ ഫാറം 5 ൽ നേരിട്ടോ തപാലിലൂടെയോ വേണം സ്വീകരിക്കേണ്ടത്. 8-ാം ഫാറത്തിലെ ആക്ഷേപങ്ങൾ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 79, 80 വകുപ്പുകൾ പ്രകാരം വോട്ടർപട്ടിക പുതുക്കുന്നതിന് കമ്മീഷൻ നിർദേശം നൽകുമ്പോൾ മാത്രമാണ് നേരിട്ട് സ്വീകരിക്കേണ്ടത്.

7) ഫാറം 5 ലെ ആക്ഷേപങ്ങൾക്ക് ആക്ഷേപകന് ഫാറം 13 ലും ആർക്കെതിരെയാണോ ആക്ഷേപം ഉന്നയിക്കുന്നത് അയാൾക്ക് ഫാറം 14 ലും നേർവിചാരണക്കുള്ള നോട്ടീസ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ നിയമാനുസൃതം നൽകണം.

8) ഓരോ ദിവസവും ഓൺലൈനിലൂടെ ലഭിക്കുന്ന അപേക്ഷകളുടെയും/ആക്ഷേപങ്ങളുടെയും ലിസ്റ്റുകൾ (ഫാറം 9, 11) പ്രിന്റ് എടുത്ത് പ്രസിദ്ധീകരിക്കേണ്ടതാണ് [Admin ID → Menu → (Download Form 9, Form 11) → Date → Form 9/Form 11 → List → Print].

9) ഫാറം 5, 8 എന്നിവയിൽ നേരിട്ട് ലഭിക്കുന്ന ആക്ഷേപങ്ങളുടെ ലിസ്റ്റ് ഫാറം 10 ൽ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്.

10) അപേക്ഷകർ നേർവിചാരണക്ക് ഹാജരാകുന്ന മുറയ്ക്ക് ലിസ്റ്റ് ചെയ്തിട്ടുള്ള ഓരോ അപേക്ഷയും User വിശദമായി പരിശോധിക്കേണ്ടതും ആവശ്യമെങ്കിൽ തിരുത്തലുകൾ വരുത്തേണ്ടതുമാണ്. തുടർന്ന് അവയുടെ പ്രിന്റ് എടുത്ത് അതിൽ അപേക്ഷകന്റെ ഒപ്പ് വാങ്ങേണ്ടതാണ്. പേര് ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷയിൽ അപേക്ഷകന്റെ ഫോട്ടോ അപ് ലോഡ് ചെയ്തിട്ടില്ലെങ്കിൽ, പാസ്പോർട്ട് സൈസിലുള്ള ഫോട്ടോ വാങ്ങി

അപ് ലോഡ് ചെയ്യേണ്ടതും അപേക്ഷയിൽ ഒട്ടിക്കേണ്ടതുമാണ്. [User ID → Addition Management/Correction Management/P.S Change Management → List → Select Voter → Verify and Correction → Upload Photo (if needs) → Save and Print → Forward to Admin for Confirmation]

11) യൂസർ Confirm ചെയ്ത് അയക്കുന്ന അപേക്ഷകൾ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് Admin Menu ൽ ലഭ്യമാകും.

12) ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ (Admin ID) പ്രസ്തുത അപേക്ഷകൾ ബന്ധപ്പെട്ട രേഖകളുമായി പരിശോധിക്കണം. ആവശ്യമെങ്കിൽ, തുടർന്ന് അന്വേഷണം നടത്തുകയും വേണം. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, ഇലക്ടറൽ രജിസ്ട്രേഷൻ ചട്ടങ്ങൾ എന്നിവയിലെ നിയമങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി അപേക്ഷ സ്വീകരിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ്. തുടർന്ന് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ പ്രസ്തുത അപേക്ഷയുടെ പ്രിന്റിലും ഓൺലൈനിലും ആവശ്യമായ എൻട്രി വരുത്തണം. [Admin ID → Addition Management/Correction Management/P.S Change Management → (select voter) → Confirm → Confirm Save & Print → Enroll in the Electoral Roll/Reject].

13) പേര് ഉൾപ്പെടുത്തുമ്പോൾ അപേക്ഷിക്കുന്ന ഒരാൾ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ വോട്ടറാണെങ്കിൽ, ആ ജില്ലയുടെ പേരും തിരിച്ചറിയൽ കാർഡ് നമ്പരും കൂടി അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതുണ്ട്. അത്തരത്തിലുള്ള ഒരു വോട്ടറുടെ പേര് ചേർക്കുമ്പോൾ നിലവിലുള്ള പേരുവിവരം ഒഴിവാക്കുന്നതിന് ആ സ്ഥാപനത്തിലെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് ഓൺലൈൻ/ഇ-മെയിൽ നിർദേശം നൽകണം. [Admin ID → Deletion Request → (select voter) Make Delete Request → Confirm Delete Request]. ഇപ്രകാരം ലഭിച്ച നിർദേശങ്ങൾ നിലവിലുണ്ടെങ്കിൽ അവയും ഈ നടപടി സ്വീകരിച്ച് ഒഴിവാക്കേണ്ടതാണ്.

14) ഫാറം 5 ലും 8 ലും ലഭിക്കുന്ന ആക്ഷേപങ്ങൾ നേർവിചാരണക്കും തുടർ അന്വേഷണത്തിനും ശേഷം അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ്. അവ അംഗീകരിക്കുന്നപക്ഷം ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ ഓൺലൈനിലൂടെ ആവശ്യമായ എൻട്രി വരുത്തേണ്ടതാണ്. [User ID → Form 5, 8 Deletion → Ward → P.S → Sl.No. of Voter → Submit]. [Admin ID → Confirm For 5, 8 → List → Select → Confirm]

15) അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടി വിവരം അപേക്ഷകനെ നേരിട്ടോ തപാലിലൂടെയോ അറിയിക്കേണ്ടതാണ്.

16) പുതിയതായി പേര് ഉൾപ്പെടുത്തുന്നവർക്ക് കമ്മീഷൻ നിർദേശിച്ചിട്ടുള്ള മാതൃകയിലുള്ള ഒരു തിരിച്ചറിയൽ രേഖ നേരിട്ടോ രജിസ്റ്റേർഡ് തപാലിലൂടെയോ നൽകേണ്ടതാണ്.